പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

04.07.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .474

# സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ<br>,, ജി. സുധാകരൻ<br>,, ബി. ഡി. ദേവസ്സി<br>,, കെ. കെ.നാരായണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾ എല്ലാം എഴുതിത്തള്ളിയിട്ടുണ്ടോ; | (എ) | കടാശ്വാസ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന ആൾ അല്ലെങ്കിൽ വായ്പ എടുത്തയാൾ കടാശ്വാസ നിയമത്തിലെ 2(XII) വകുപ്പിൽ പറയുന്ന പ്രകാരം മത്സ്യബന്ധനം പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചതും 2(XIII) വകുപ്പിലെ മത്സ്യത്തൊഴിലാളി എന്ന പദത്തിന്റെ നിർവ്വചന പരിധിയിൽപ്പെടുന്ന ആളും ആയിരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കടം 31.12.2007 നുള്ളിൽ എടുത്തിട്ടുള്ള വായ്പ ആയിരിക്കേണ്ടതുമാണ്. മേൽ പറഞ്ഞ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് കടാശ്വാസത്തിനുള്ള അർഹത മുഖ്യമായും കമ്മീഷൻ നിശ്ചയിക്കുന്നത്. ഇത്തരത്തിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത 37194 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| (ബി) | സഹകരണസംഘങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ വായ്പ യായി എടുത്ത എത്ര കോടി രൂപ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ട്; മുൻസർക്കാരിന്റെ കാലത്ത് കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം എത്ര കോടി രൂപയുടെ വായ്പ എഴുതിത്തള്ളുകയുണ്ടായെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ സംഘങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള മത്സ്യതൊഴിലാളികൾ കടാശ്വാസ കമ്മീഷനു സമർപ്പിച്ച അപേക്ഷകൾ പ്രകാരം സഹകരണമേഖലയുമായി ബന്ധപ്പെട്ട് ഏകദേശം 241.15 കോടി രൂപയുടെ വായ്പ കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനുള്ള കമ്മീഷന്റെ ശുപാർശകൾ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും സഹകരണ സംഘങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നുമുള്ള വായ്പകളിന്മേൽ കടാശ്വാസത്തിനായി **100** കോടി രൂപ അനുവദിക്കുകയും ചെയ്തു. ടി **100** കോടി രൂപയിൽ **44,37,96,234** രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തു. |
| (സി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശകളിൽ ഇനിയും നടപ്പിലാക്കുവാനായി അവശേഷിക്കുന്നവയുണ്ടോ; വ്യക്തമാക്കുമോ? | (സി) | കടാശ്വാസ നിയമത്തിലെ **2(XVI)** വകുപ്പിൽ പ്രതിപാദിക്കുന്ന ഉത്തമർണ സ്ഥാപനങ്ങളുടെ ഗണത്തിൽപ്പെടുന്ന ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകൾ **2(ix)** നിർവ്വചിച്ചിട്ടുള്ള മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ